» അഭിമുഖം

വർഷങ്ങൾക്ക് മുൻപ് കോഴിക്കോട് ടൗൺ ഹാളിൽ 'അന്നം' എന്ന പേരിൽ ജൈവ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തിയിരുന്ന അവസരത്തിൽ അവിടുത്തെ പ്രധാന ആകർഷണീയമായ നിരവധി നെല്ലിനങ്ങളും അത് സംരക്ഷിച്ച് അവിടെ പ്രദർശിപ്പിച്ചതും പത്മശ്രീ. ചെറുവയൽ രാമനായിരുന്നു. അന്ന് പരിചയപ്പെട്ടതിൽ പിന്നീട് പല പരിപാടികൾക്കും തമ്മിൽ കാണാറുണ്ടെങ്കിലും ഒന്നുകൂടി പരിചയം പുതുക്കാൻവേണ്ടി വയനാട്ടിലെ മാനന്തവാടിക്കടുത്തെ കമ്മനത്തെ ചെറുവയൽ വീട്ടിൽ ഒരിക്കൽകൂടി പോയ അവസരത്തിലാണ് ഭാരതത്തിന്റെ അഭിമാനമായ ലോകപ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം.എസ് സ്വാമിനാഥന്റെ വിയോഗം.

അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ അന്യം നിന്നു പോയിക്കൊണ്ടിരിക്കുന്ന പാരമ്പര്യ നെൽവിത്തിനങ്ങളുടെ സംരക്ഷകനും, പ്രചാരകനും, കാവലാളും, കാർഷികഗവേഷകനും സർവ്വോപരി കർഷകനുമായ കർഷകപ്രതിഭ വയനാട്ടിലെ ചെറുവയൽ രാമൻ ഹരിതവിപ്ലവത്തിന്റെ പിതാവായ നിര്യാതനായ ഡോ. എം. എസ് സ്വാമിനാഥനെ അനുസ്മരിക്കുന്നു.

നെല്ലിന്റെ കാര്യങ്ങൾമാത്രമാണ് അന്ന് ഞങ്ങൾ സംസാരിച്ചത് അതിനിടയിൽ ഡോ. സ്വാമിനാഥനെ അനുസ്മരിച്ച് കുറെ നേരം രാമേട്ടൻ സംസാരിച്ചു. സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ പുരസ്കാരം സ്വീകരിച്ചു വന്ന ക്ഷീണത്തിലാണെങ്കിലും എന്നോട് സംസാരിക്കാൻ അദ്ദേഹം യാതൊരു വൈമനസ്യവും കാണിച്ചില്ല. നെല്ലിനെപ്പറ്റി പറയാൻ അദ്ദേഹത്തിന് നൂറ് നാവാണ്, പ്രായമേറെയായി

# ഹരിതവിപ്ലവത്തിന്റെ പിതാവിനെ പത്മശ്രീ. ചെറുവയൽ രാമൻ അനുസ്മരിക്കുന്നു

● **ഷബീർ അഹമ്മദ് കെ എ**



ട്ടും കാർഷികവൃത്തിയിൽ മുഴുകിയ അദ്ദേഹത്തിന്റെ ഊർജ്ജസ്വലത, കണ്ണിന്റെ തിളക്കം എന്നെ അത്ഭുത പ്പെടുത്തി.

വയനാട് ജില്ലയിലെ കർഷകരും, ആദിവാസികളും, മറ്റു സമൂഹവും ഒത്തുചേരാൻ, അവരുടെ കാർഷിക പുരോഗതിക്കുവേണ്ടി ഡോ. സ്വാമിനാഥൻ എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കേന്ദ്രം എന്ന ഒരുസംഘടനക്ക് രൂപം കൊടുത്ത കാര്യം പറഞ്ഞു. കൃഷിയുമായി, പ്രകൃതിയുമായി ബന്ധപ്പെട്ട വയനാട്ടിലെ ജനങ്ങളെ കൃഷിയിൽ മുന്നേറാൻ ആ കേന്ദ്രം കർഷകർക്ക് ഉപകാരപ്പെട്ടതായി രാമേട്ടൻ പറഞ്ഞു. കൃഷി, പരിസ്ഥിതി അതുപോലെതന്നെ മനുഷ്യന് ജീവിക്കാൻ ആവശ്യമായ അറിവുകൾ തേടുക, സാങ്കേതികപരമായ കാര്യങ്ങൾ പരസ്പരം പങ്കുവെച്ച് ആശയവിനിമയം നടത്താൻ എം എസ് സ്വാമിനാഥൻ കേന്ദ്രം ഉപകാരപ്പെട്ടു. മാത്രമല്ല ആദിവാസി സമൂഹത്തെ ഉന്നതവൽക്കരിച്ച് അവർക്ക് കൃഷിയും തൊഴിലും അഭിവൃത്തിപ്പെടുത്താനുള്ള സാഹചര്യം MSSRF കൊടുക്കുന്നു.

പ്രൊഫ. എം എസ് സ്വാമിനാഥനെ അദ്ദേഹത്തിന്റെ വയനാട്ടിലെ റിസർച്ച് ഫൗണ്ടേഷൻ കേന്ദ്രത്തിൽ വെച്ച് കണ്ടുമുട്ടിയ കാര്യം ഇപ്പോഴും രാമേട്ടൻ ഓർക്കുന്നു.

തന്റെ പരമ്പരാഗത വീടും കൃഷിയും കണ്ടിട്ട് റിസർച്ച്സെന്ററിലെ ആളുകൾ പല പരിപാടികൾക്കും ക്ഷണിക്കാറുണ്ടെന്നും അവിടെ പോയി താൻ ആശയവിനിമയങ്ങൾ നടത്താറുണ്ടെന്നും രാമേട്ടൻ പറഞ്ഞു. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനുമായി നിരന്തരം ബന്ധപ്പെടാറുണ്ട്. അവർക്ക് ആവശ്യമായ ക്ലാസുകൾ എടുക്കുകയും തന്റെ അറിവ് പങ്കുവെക്കുകയും ചെയ്യാറുണ്ട്. വിത്ത് സംരക്ഷിക്കൽ, നാട്ടറിവുകൾ, പാരമ്പര്യകൃഷി നാട്ടറിവുകൾ എന്നിവയെപറ്റി അവിടെ പോയി അറിവ് പകർന്നുകൊടുക്കാറുമുണ്ട്.

"അദ്ദേഹത്തിന്റെ വിയോഗം രാജ്യത്തിന് തന്നെ ഒരുതീരാ നഷ്ടമാണ്. ലോകത്തെ അറിയപ്പെടുന്ന ശാസ്ത്രജ്ഞൻ ആയിട്ടും നമ്മുടെ കൊച്ചുകേരളത്തിലെ വയനാട്ടിനെ അദ്ദേഹം മറന്നില്ല. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഞാനും പങ്കുചേരുന്നു." -രാമേട്ടൻ കൂട്ടിച്ചേർത്തു.

ലോകം കണ്ട കാർഷിക ശാസ്ത്രജ്ഞൻ പത്മശ്രീ, പത്മഭൂഷൻ, പത്മവിഭൂഷൺ, രമൺ മാഗ്സസെ അവാർഡുകൾ നേടിയപ്പോൾ ലോകം അറിയപ്പെടുന്ന ഗ്രാമീണ കാർഷിക ഗവേഷകനായ ചെറുവയൽരാമനെയും രാജ്യം പത്മശ്രീ നൽകി ആദരിച്ചു. പ്രൊഫ. സ്വാമിനാഥന്റെ മരണവാർത്ത അത്യന്തം ദുഃഖത്തോടെയാണ് താൻ അറിഞ്ഞതെന്നും കാർഷിക മേഖലയിൽ എണ്ണിയാൽ ഒടുങ്ങാത്ത സംഭാവനകൾ സമ്മാനിച്ചാണ് എം എസ് സ്വാമിനാഥൻ നമ്മോട് വിട പറഞ്ഞതെന്നും പത്മശ്രീ. ചെറുവയൽ രാമൻ പറഞ്ഞു. ഇന്ത്യയുടെ യശസ്സ് വാനോളം ഉയർത്തിയ കൃഷി ശാസ്ത്രജ്ഞന് പ്രണാമം പറഞ്ഞാണ് അദ്ദേഹത്തെപ്പറ്റി പറഞ്ഞു തുടങ്ങിയത്.

ആധുനിക ഗവേഷണരീതികൾ വിവിധ കൃഷിയിൽ പ്രത്യേകിച്ച് നെല്ലിലും ഗോതമ്പിലും സമന്വയിപ്പിച്ചതിന്റെ ഫലമായി ഇന്ത്യയെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തിച്ച മഹാൻ. ലോകത്തിന്റെയും ഇന്ത്യയിയുടെയും മാത്രമല്ല കേരളത്തിലെ കാർഷിക മേഖലയിൽ നിരവധി കനപ്പെട്ട സംഭാവനകൾ അദ്ദേഹത്തിന്റേതായുണ്ട്. രാജ്യത്തിന്റെ വർദ്ധിച്ച ജനപ്പെരുപ്പത്തെ തീറ്റിപ്പോറ്റുന്നതിന് ഒരു ആശ്വാസം തന്നെയായിരുന്നു എം എസ് സ്വാമിനാഥന്റെ ഇടപെടലുകൾ എന്നതിൽ ആർക്കും തർക്കമിലെന്നും രാമേട്ടൻ പറഞ്ഞു.

ആയിരക്കണക്കിന് നെൽവിത്തുകളുടെ വിപുലശേഖരം രാജ്യാന്തര നെല്ല് ഗവേഷണകേന്ദ്രത്തിൽ അദ്ദേഹം ഒരുക്കിയതായും രാമേട്ടൻ പറഞ്ഞു. പഴയ പൈതൃകത്തെ മുറുകെ പിടിച്ച് നെല്ലിനെ ജീവന് തല്യം സ്നേഹിച്ച് കൂടെ കൊണ്ടുനടക്കുന്ന 150 വർഷം പഴക്കമുള്ളമണ്ണും, വൈക്കോൽ ഉപയോഗിച്ചുള്ള വീട്ടിൽ വളരെ സമാധാനത്തോടെ കഴിയുന്ന ആളാണ് പത്മശ്രീ ചെറുവയൽ രാമൻ. അറുപതിലധികം പാരമ്പര്യ നെൽവിത്തുകളുടെ അപൂർവ്വശേഖരം തന്റെ പരിമിതമായ വാസസ്ഥലത്ത് സൂക്ഷിച്ച് സംരക്ഷിച്ച് വയ്ക്കുന്ന രാമേട്ടന് പഴയ നെൽവിത്തിനങ്ങൾ ഒരു ജീൻ ബാങ്കിൽ സൂക്ഷിക്കണം എന്ന അഭിപ്രായം ഉണ്ട്. അത് ഡോ. എം എസ് സ്വമിനാഥനുമായി പങ്കിടാൻ ഒരു അവസരം ലഭിക്കാതെ പോയ നഷ്ടബോധം ഇപ്പോൾ ചെറുവയൽ രാമൻ പങ്കുവെച്ചു. ഇന്ന് നമുക്ക് പുതിയ നെൽ വിത്തുകൾ നിരവധി ഉണ്ട്, ഒരുപക്ഷേ നാളെനമുക്ക് പഴയ വിത്തുകൾ വേണമെങ്കിൽ അത് ലഭിക്കാൻ വേണ്ടി അങ്ങനെ ഒരുവിത്ത് സൂക്ഷിപ്പ് കേന്ദ്രം ആവശ്യം തന്നെ.

ഒരേ ലക്ഷ്യം വെച്ച് സഞ്ചരിക്കുന്ന രണ്ട് വ്യക്തികളാണ് പത്മശ്രീ. ചെറുവയൽരാമനും ഡോ.എം എസ് സ്വാമിനാഥനും. ആയിരക്കണക്കിന് നെൽവിത്തുകൾ ഗവേഷണത്തിലൂടെ കണ്ടെത്തി കർഷകർക്ക് ഒരുക്കിക്കൊടുത്ത കാർഷിക ശാസ്ത്രജ്ഞനാണ് ഡോ. സ്വാമിനാഥനെങ്കിൽ, അപൂർവങ്ങളിൽ അപൂർവങ്ങളായ അന്യം നിന്നുപോകുന്ന പാരമ്പര്യ നെൽ വിത്തിനങ്ങൾ കാത്തു സൂക്ഷിച്ച് കൃഷിചെയ്തു പ്രചരണം കൊടുക്കുന്ന കർഷകനാണ് ചെറുവയൽ രാമൻ. ഇവർ രണ്ടും മലയാളികളുടെ അഭിമാനം.

*കൃഷി ഓഫീസർ, കൃഷി ഭവൻ, ചെറുവണ്ണൂർ.*
**ഫോൺ: 94474 15609.**